

05-01-2023

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/01/2023.

1. മൃഗസംരക്ഷണ വകുപ്പ് കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കുന്ന 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ ഫ്ളാഗ് ഓഫ് കർമ്മവും കേന്ദ്രീകൃത കാൾസെന്ററിന്റെ ഉദ്ഘാടനവും ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ കാര്യവട്ടത്ത് വച്ച് ജനുവരി 5-ന് 3 മണിക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസനവകുപ്പ് മന്ത്രി പർഷോത്തം രൂപാലയും കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരനും നിർവഹിക്കും. 24 മണിക്കൂർ പ്രവർത്തിക്കുന്ന 1962 എന്ന ടോൾഫ്രീ നമ്പരിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത കോൾ സെന്റർ സംവിധാനത്തിലൂടെയാണ് 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തന ക്ഷമമാകുന്നത്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന് ധനസഹായം നൽകി വരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്റ്റുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ,

ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കൃഷി ഓഫീസുമായോ, കൃഷിഭവനുമായോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

3. റബ്ബർവിപണനത്തിനായി റബ്ബർബോർഡ് തയ്യാറാക്കിയിട്ടുള്ള ഇലക്ട്രോണിക് ട്രേഡ് പ്ലാറ്റ്ഫോം ആയ എം റൂബി-യിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളിൽ നിന്ന് റബ്ബർവിപണനത്തിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നവർക്ക് റബ്ബർബോർഡ് നൽകുന്ന 'എം റൂബി അക്കൊലേഡ് 2023' അവാർഡ് 2023 മാർച്ചിൽ പ്രഖ്യാപിക്കും. ടയർമേഖല, ടയറിതരമേഖല, ചെറുകിടമേഖലയിലുള്ള ഉത്പന്നനിർമ്മാതാക്കൾ, റബ്ബർഡീലർമാർ, റബ്ബർ സംസ്കർത്താക്കൾ, വടക്കുകിഴക്കൻ മേഖലയിലെ റബ്ബറുത്പാദകസംഘങ്ങൾ, വടക്കുകിഴക്കൻമേഖല ഒഴികെയുള്ള സ്ഥലങ്ങളിലെ റബ്ബറുത്പാദകസംഘങ്ങൾ എന്നിങ്ങനെ ഏഴു വിഭാഗ ങ്ങളിൽ നിന്ന് എം റൂബി-യിലൂടെ മികച്ച പ്രകടനം നടത്തുന്നവർക്കാണ് അവാർഡ് നൽകുക. ഒരുലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് അംഗീകാരമായി നൽകുന്നത്. വിശദവിവരങ്ങൾ എം റൂബി-യുടെ www.mrube.org.in എന്ന പോർട്ടലിൽ ലഭ്യമാണ്.

## പരിശീലന പരിപാടികൾ

4. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കർഷക പരിശീലന കേന്ദ്രം 2023 ജനുവരിയിൽ കൃഷിയിൽ മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ, നഗര കൃഷി (അർബൻ അഗ്രിക്കൾച്ചർ), അഗ്രികൾച്ചർ മാർക്കറ്റിംങ് എന്നീ വിഷയങ്ങളിൽ കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ നിന്നുളള കർഷകർക്ക് ത്രിദിന പരിശീലനം നടത്തുന്നു. താൽപര്യമുള്ള കർഷകർ **0495-2373582** എന്ന ഫോൺ നമ്പറിൽ ജനുവരി 7-ന് മുൻപ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. രാവിലെ 10

മുതൽ 5 വരെ മൂന്ന് ദിവസം തുടർച്ചയായി ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണെന്ന് വേങ്ങേരി കാർഷിക പരിശീലന കേന്ദ്രം കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

5. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ് " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2023 ജനുവരി 9** ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് 2023 ജനുവരി 8 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ജനുവരി 9** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

6. വെള്ളരി വർഗ വിളകളായ പാവൽ, പടവലം, വെള്ളരി, തണ്ണിമത്തൻ തുടങ്ങിയവ കൃഷി ചെയ്യാൻ അനുയോജ്യമായ സമയമാണ് ജനുവരി മുതൽ മാർച്ച് വരെ ഉള്ള മാസങ്ങൾ. ഇതിനായി കൃഷി സ്ഥലം നന്നായി കിളച്ച് കുമ്മായം ചേർത്ത് നിലമൊരുക്കി 15 ദിവസത്തിനു ശേഷം അടിവളം നൽകുക. തൈകൾ നടുന്നതിനു മുൻപായി ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകപൊടി മണ്ണിൽ ചേർത്ത് കൊടുക്കുന്നത് രോഗങ്ങളെ പ്രതിരോധിക്കുന്നതിന് നല്ലതാണ്. വെള്ളരി വർഗ്ഗ വിളകൾ പൂത്തു തുടങ്ങുന്നത് വരെ ആഴ്ചയിൽ രണ്ടു തവണ നന നൽകണം. പൂത്തു തുടങ്ങിയാൽ ഒന്നിടവിട്ട ദിവസങ്ങളിലും നനയ്ക്കാൻ ശ്രദ്ധിക്കണം. മണ്ണിൽ ഈർപ്പം നില നിർത്തുന്നതിനായി പുതയിടീൽ നടത്തുകയും തൈകളെ വെയിലിൽ നിന്നും സംരക്ഷിക്കുന്നതിനായി മറ നൽകുകയും ചെയ്യേണ്ടതാണ്.